(എ) സ്വന്തമായി കെട്ടിടമില്ലാത്തതും അനുയോജ്യമല്ലാത്ത കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ എത്ര വില്ലേജ് ഓഫീസുകൾ സംസ്ഥാനത്തുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ സ്വന്തമായി കെട്ടിടമില്ലാത്തവ എത്ര;

(സി) സ്വന്തമായും അനുയോജ്യമായതുമായ കെട്ടിടങ്ങൾ വില്ലേജ് ഓഫീസുകൾക്ക് നിർമ്മിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 234 വില്ലേജാഫീസുകൾ.

(ബി) 187 വില്ലേജാഫീസുകൾക്ക് സ്വന്തമായി കെട്ടിടമില്ല.

(സി) ധനകാര്യകമ്മീഷൻ ശുപാർശ., 50%ഉം, 100%ഉം കേന്ദ്രാവിഷ്കൃത പദ്ധതി എന്നിവയിലുൾപ്പെടുത്തി അനുയോജ്യമായ റിക്കാർഡ് മുറികളും, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വില്ലേജ് ആഫീസ് കെട്ടിടങ്ങളും നിർമ്മിച്ചുവരുന്നുണ്ട്.

റവന്യൂ റിക്കവറി

50(3135)ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ റിക്കവറി നടപടികളുടെ ഫലമായി സംസ്ഥാനത്ത് 1997 മുതൽ പ്രതിവർഷം ഉണ്ടായ വരുമാനം എത്രയാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) റവന്യൂ റിക്കവറി നടപടികളിലൂടെ സർക്കാരിന് ലഭിക്കേണ്ടുന്ന വരുമാനം കൃത്യമായി ഈടാക്കുന്നതിൽ വീഴ്ച വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ? എങ്കിൽ ഇതു പരിഹരിക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) റവന്യൂ റിക്കവറിയുടെ പുരോഗതി സംബന്ധമായ റിവ്യൂ നടത്താറുണ്ടോ? എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) റവന്യൂ വില്പന നികുതി ഉദ്യോഗസ്ഥന്മാരുടെ കോ-ഓർഡിനേഷൻ ജില്ലാതലത്തിൽ ഫലപ്രദമായി നടക്കാറില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ ഇതു സംബന്ധമായി എന്തെല്ലാം പരിഹാര നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) രണ്ടുമാസം കൂടുമ്പോൾ ബന്ധപ്പെട്ട മന്ത്രിമാർ പങ്കെടുത്തുകൊണ്ട് ജില്ലാതലത്തിൽ റവന്യൂ വില്പന നികുതി ഉദ്യോഗസ്ഥന്മാരുടെ റിവ്യൂ മീറ്റിംഗ് സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്.†

(ബി) ശ്രദ്ധയിൽ വന്നിട്ടില്ല.

---

† അനുബന്ധം V (1,2)

LIBRARY ARCHIVES Kerala Legislative Assembly

(സി) റിവ്യൂ നടത്താറുണ്ട്. വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർത്തിട്ടുണ്ട്.

(ഡി) റവന്യൂ വില്പന നികുതി ഉദ്യോഗസ്ഥന്മാരെ കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് റിക്കൺസിലിയേഷൻ ഫലപ്രദമായി നടത്തി വരുന്നുണ്ട്.

(ഇ) റവന്യൂ സംബന്ധമായ കാര്യങ്ങൾ റവന്യൂ മന്ത്രി ജില്ലാ തലത്തിൽ അവലോകനം ചെയ്യാറുണ്ട്. കൂടാതെ വില്പന നികുതി ഉദ്യോഗസ്ഥൻമാരെ പങ്കെടുപ്പിച്ചുകൊണ്ട് ധനകാര്യമന്ത്രിയും പിരിവു സംബന്ധമായ പുരോഗതി അവലോകനം ചെയ്യാറുണ്ട്.

പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിന് നടപടി

51 (3137)ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിന് ഇപ്പോൾ എന്തെങ്കിലും നിയമതടസ്സമോ, ഭരണഘടനാ തടസ്സമോ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെന്ന് വിശദീകരിക്കുമോ;

(സി) തടസ്സമുണ്ടെങ്കിൽ ഈ സർക്കാരിന്റെ കാലത്ത് പുതിയ താലൂക്കുകൾ രൂപീകരിക്കുവാൻ കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) ഈ സർക്കാരിന്റെ കാലത്തുതന്നെ അത്യാവശ്യം വേണ്ടി വരുന്ന താലൂക്കുകൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(ഇ) ഇതിന് അനുകൂല തീരുമാനം എടുക്കാൻ തയാറാകുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. സെൻസസ് പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നതിനാൽ 2001 മാർച്ച് വരെ അതിർത്തി വ്യതിയാനങ്ങൾ പാടില്ലെന്ന് സെൻസസ് ഡയറക്ടർ ജനറൽ നിർദ്ദേശിച്ചിരിക്കുന്നതുകൊണ്ട് ഇക്കാര്യത്തിൽ ഉടനെ തീരുമാനമെടുക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

(സി) ഉണ്ട്.

(ഡി)&(ഇ) സെൻസസ് പ്രവർത്തനം തീരുന്ന 2001 മാർച്ചിനുശേഷം റവന്യൂ പുനഃസംഘടന നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

മൊകായി കോളനി നിവാസികൾക്ക് പട്ടയം നൽകണമെന്ന ആവശ്യം

52 (3138)ശ്രീ. സി. മോയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി മണ്ഡലത്തിലെ ഉണ്ണിക്കുളം ഗ്രാമപഞ്ചായത്തിലെ 'മൊകായി' കോളനി നിവാസികൾക്ക് പട്ടയം നൽകണമെന്ന ആവശ്യത്തിനുമേൽ എന്ത് നടപടി സ്വീകരിച്ചു;

(ബി) ഇവർക്ക് എന്നത്തേക്ക് പട്ടയം നൽകാനാവുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V (1)

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം 50 (3135) കാണുക)

1997, 1998, 1999 എന്നീ വർഷങ്ങളിലെ ജില്ല തിരിച്ചുള്ള റവന്യൂ റിക്കവറി വരുമാനം താഴെ ചേർക്കുന്നു.

(തുക ലക്ഷത്തിൽ)

ജില്ല	1996-97	1997-98	1998-99
തിരുവനന്തപുരം	673.18	672.53	665.26
കൊല്ലം	590.90	493.18	806.59
പത്തനംതിട്ട	280.34	219.48	267.83
ആലപ്പുഴ	910.49	808.64	835.33
കോട്ടയം	801.69	838.45	813.09
ഇടുക്കി	267.80	291.44	387.37
എറണാകുളം	2152.13	1098.94	3343.72
തൃശൂർ	771.81	340.03	557.54
പാലക്കാട്	701.35	515.23	682.19
മലപ്പുറം	314.24	92.94	157.35
കോഴിക്കോട്	462.20	495.10	657.23
വയനാട്	429.13	346.46	383.91
കണ്ണൂർ	461.73	397.91	465.88
കാസർഗോഡ്	341.23	220.48	237.52
ആകെ	**9158.22**	**7430.81**	**10260.81**

അനുബന്ധം V (2)

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം 50 (3135) കാണുക)

റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വില്ലേജുകളെ ഡെപ്യൂട്ടി തഹസിൽദാരുടെ റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ ചാർജിലും താലൂക്കുകളെ ഓരോ ഡെപ്യൂട്ടി കളക്ടർമാരുടെ ചാർജ്ജിലും ജില്ലകളെ എ,ബി, സി. എന്ന് 3 വിഭാഗമായി തിരിച്ച് തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകൾ ഉൾപ്പെട്ട എ വിഭാഗങ്ങളെ ഫിനാൻസ് നികുതി പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചാർജ്ജിലും, എറണാകുളം, കോട്ടയം, പാലക്കാട്, തൃശൂർ, ഇടുക്കി എന്നീ ജില്ലകൾ ഉൾപ്പെട്ട ബി വിഭാഗങ്ങളെ എക്സൈസ് കമ്മീഷണറുടെ ചാർജ്ജിലും കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകൾ ഉൾപ്പെട്ട സി വിഭാഗത്തെ നികുതിവി

LIBRARY ARCHIVES Kerala Legislative Assembly

ഭാഗം കമ്മിഷണറുടെ ചാർജ്ജിലും പല വിഭാഗമായി തിരിച്ച് ബന്ധപ്പെട്ട ചാർജ്ജ് ഓഫീസർമാർ നികുതിപിരിവിൽ കൈവരിച്ച പുരോഗതി വാരാന്ത്യത്തിലും മാസംതോറും അവലോകനം നടത്തുകയും ഓരോ കുടിശ്ശിക കേസിലും സ്വീകരിച്ച നടപടി വിലയിരുത്തുകയും നടപടി അപര്യാപ്തമായ കേസിൽ കർശനമായ നിർദ്ദേശങ്ങൾ ചാർജ്ജ് ഓഫീസർമാർ ബന്ധപ്പെട്ടവർക്കു നൽകുകയും ചെയ്യുന്നു. കൂടാതെ സംസ്ഥാന തലത്തിൽ ഉള്ള അവലോകനം ലാന്റ് റവന്യൂ കമ്മീഷണറുടെ മേൽനോട്ടത്തിലും നടത്തിവരുന്നു.

അനുബന്ധം VI

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം 53 (3139) കാണുക)

1.	കാസർഗോഡ് ജില്ല		
	1. കാസർഗോഡ് താലൂക്ക്	–	15 ഏക്കർ
	2. ഹോസ്ദുർഗ്ഗ്	–	23 ഏക്കർ
2.	കണ്ണൂർ ജില്ല		
	1. തളിപ്പറമ്പ്	–	5 ഏക്കർ
3.	വയനാട് ജില്ല		
	1. സുൽത്താൻ ബത്തേരി	–	2 ഏക്കർ
4.	കോഴിക്കോട് ജില്ല		
	1. കൊയിലാണ്ടി	–	67 ഏക്കർ
5.	മലപ്പുറം ജില്ല		
	1. ഏറനാട്	–	259 ഏക്കർ
	2. തിരൂർ	–	2 ,,
	3. പൊന്നാനി	–	11 ,,
	4. പെരിന്തൽമണ്ണ	–	36 ,,
	5. നിലമ്പൂർ	–	38 ,,
	6. തിരൂരങ്ങാടി	–	1 ,,
6.	പാലക്കാട് ജില്ല		
	1. പാലക്കാട്	–	17 ഏക്കർ
	2. ചിറ്റൂർ	–	70 ,,
	3. ഒറ്റപ്പാലം	–	15 ,,
	4. മണ്ണാർക്കാട്	–	72 ,,
7.	തൃശൂർ ജില്ല		
	1. മുകുന്ദപുരം	–	6 ഏക്കർ
8.	എറണാകുളം ജില്ല		
	1. കോതമംഗലം	–	20 ഏക്കർ
	2. മൂവാറ്റുപുഴ	–	20 ,,
	3. കണയന്നൂർ	–	5 ,,
	4. പറവൂർ	–	5 ,,
9.	ഇടുക്കി ജില്ല		
	1. പീരുമേട്	–	191 ഏക്കർ

LIBRARY ARCHIVES Kerala Legislative Assembly